# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

കൈത്താ രണ്ടാം ഞായർ

2022
ജൂലൈ 31




# മുന്തിരി ചെടിയും ശാഖകളും

നിയ 28:1-14, റോമാ 11:17-24, യോഹ 15:1-8

സ്കൂളിൽ പഠിക്കുമ്പോൾ ബയോളജി ടീച്ചർ എനിക്കെന്നും ഒരു അത്ഭുതം ആയിരുന്നു. നിറമുള്ള മുല്ലപ്പൂക്കൾ ഉണ്ടാക്കുന്ന വിദ്യയും അതിന്റെ കൗതുകവും എന്നെ, വാഴയടക്കം വീട്ടിലുള്ള എല്ലാ ചെടികളിലും നിറം ചാർത്തുക എന്ന പരീക്ഷണത്തിൽ എത്തിച്ചു. വീടിന്റെ മുറ്റത്തു പ്രത്യേക ഭീഷണി ഒന്നുമില്ലാതെ വളർന്നു പോന്ന പല ചെടികൾക്കും ഞാൻ ഒരു ഭീഷണി ആയി മാറി എന്ന് സാരം! മുല്ല വള്ളി മുറിച്ചു ശീമ മുരിക്കിൽ വെച്ച് കെട്ടി വിജയിച്ചത് മാത്രം ആണ് ആകെ ഒരു മുതൽക്കൂട്ട്. എന്നും രാവിലെയും വൈകുന്നേരവും ഒരു മണിക്കൂർ എങ്കിലും അതിന്റെ ചെറിയ മാറ്റങ്ങൾ പോലും ഒരു ഗവേഷണ വിദ്യാർത്ഥിയുടെ കൗതുക ത്തോടെ നോക്കി നിന്നതും അവസാനം ചുവന്ന മുല്ലപ്പൂക്കൾ കണ്ടപ്പോഴുണ്ടായ ആനന്ദവും ഇന്നും കണ്മുൻപിൽ വ്യക്തം. അവിടെ നിന്നും എത്രയോ തീവ്രമായ ചിന്തകളിലൂടെയാണ് മുന്തിരിച്ചെടിയുടെ ഉപമ നമ്മളെ കൂട്ടികൊണ്ട് പോകുന്നത്.

## തായ്ത്തണ്ടിനോട് ഇഴുകിച്ചേർന്ന ശാഖ

തായ്ത്തണ്ടിനോട് ചേർക്കപെടാൻ വേണ്ടി മുറിച്ചു മാറ്റപ്പെടുന്ന ശാഖയുടെ ചേതോവികാരങ്ങൾ വളരെ പരിചിതമാണ്. ഇനിയങ്ങോട്ടുള്ള കാലങ്ങളെല്ലാം ഒന്നായി നിൽക്കാനുള്ള ഒരു ബന്ധം സ്ഥാപിക്കുന്നതിന് തൊട്ടു മുൻപേയുള്ള ഒരു കാലഘട്ടം. ആ ഇഴുകിച്ചേരലിനെ കുറിച്ചുള്ള വ്യാകുലതകൾ, ആശങ്കകൾ. ഒട്ടിച്ചു ചേർക്കപെടുമ്പോളും സ്വയമായി ജീവിക്കാൻ പറ്റുമെന്ന ഒരു ഹുങ്ക് മനസിലുള്ള ആദ്യനാളുകൾ; ഉദാരമായി ജീവജലം എന്നിലേയ്ക്ക് കൂടി പകർന്നു നൽകുന്ന തായ്ത്തണ്ട്; അതിന്റെ സുഭിക്ഷതയിൽ മതിമറക്കുന്ന ആനന്ദം; പൂർണമായ സമർപ്പണം. അങ്ങനെ ഒരു നാൾ പൂർണമായി എന്റെ പിടി വാശികൾ ഉപേക്ഷിച്ചു തായ്ത്തണ്ടിനോട് ചേർന്ന് മുന്നോട്ടു ജീവിക്കുന്ന ശിഷ്യ ജീവിതം. ആ ശാഖ യോടൊത്തു നമുക്കൊന്നു സഞ്ചരിക്കാം



ഡോ. ആൻ അബ്രഹാം

വളരെ പ്രാകൃതമായ ജീവിതശൈലി; തന്റേതായ ശൈലിയിൽ ജീവിതം കെട്ടിപ്പടുത്തു വന്ന ഞാൻ - നിയമങ്ങളില്ല, ആലോചനകളില്ല; അങ്ങനങ്ങു തഴച്ചു വളരുന്നു. ലക്ഷ്യങ്ങളില്ല, വെട്ടി ഒരുക്കലുകൾ ഇല്ല, പ്രകൃത്യാ ശക്തി ആർജിച്ച് അങ്ങനെ ജീവിച്ചു പോകുന്ന കാട്ടൊലിവ്. അങ്ങനെ വളരാൻ ഞാൻ ശീലിച്ചതാണ്. എന്റെ സാഹചര്യങ്ങൾ വളരെ പരുക്കനാണ്. മാറ്റങ്ങൾ എനിക്ക് താത്പര്യം ഇല്ല. അത് സാധ്യമല്ല എന്ന് ഞൻ ഉറപ്പിച്ചിട്ടും ഉണ്ട്.

തോട്ടത്തിന്റെ ഉടമയുടെ വരവ് അപ്പോഴാണല്ലോ. നല്ല വെളിച്ചം നൽകപ്പെടുന്ന(ഖീവി 8:12), ജീവനാഡിയുള്ള (ഖീവി 6:33), തഴച്ചു വളരാൻ ഉതകുന്ന (ഖീവി 14: 6), പോരാത്തതിന് ഒരു പുതു ജീവിതത്തിലേയ്ക്ക് വഴി തെളിക്കുന്ന (ഖീവി 10:6) , ഒരു മാറ്റപ്പെട്ട ജീവിതത്തിലേയ്ക്ക് എന്നെ എന്റെ അനുവാദം പോലും ചോദിക്കാതെ കൂട്ടികൊണ്ട് പോകുന്നു. അല്ല എന്നെ തിരഞ്ഞെടുത്തിരിക്കുന്നു.

എന്റെ ഉള്ളിൽ കൂടി കടന്നു പോകുന്ന ചിന്തകൾ അന്തമില്ലാത്തതാണ്. എന്തിനു വേണ്ടി ആയിരിക്കാം എന്നെ വെട്ടി മാറ്റിയത്? എന്റെ പരുക്കൻ രീതികൾ മാറ്റണം എന്ന് ആർക്കാണ് ആഗ്രഹം? എന്റെ ജീവിതം എന്റെ മാത്രം നിയമങ്ങൾ ആണെന്ന് ഞാൻ എന്നും വിചാരിച്ചിരുന്നു. ഞാനീ ജീവിത രീതിയിൽ തുടരുന്നതിനു ആർക്കാണ് ഇത്രമേൽ ഉപദ്രവം? അതോ ആരേലുമുണ്ടോ എന്റെ മാറ്റം ആഗ്രഹിക്കുന്നത്? 'ഇത്രമേലെന്നെ നീ സ്നേഹിച്ചിരുന്നുവോ?' എന്ന് ആരോടാണ് എനിക്ക് ചോദിക്കേണ്ടി വരിക? ചോദ്യശരങ്ങൾ ഏറുകയാണ്.

## ചങ്കുറപ്പിന്റെ പര്യായമായ തായ്ത്തണ്ട്

തായ്ത്തണ്ടിനെ കുറിച്ച് പറഞ്ഞില്ലല്ലോ! ഛേദിച്ചു മാറ്റപ്പെട്ട തന്റെ നാഡിയിൽ മറ്റൊരു ശാഖ ചേർത്ത് വയ്ക്കുമ്പോളും, അതിനെയും ആശ്ലേഷിക്കുന്ന, തന്റെ ജീവനിലേയ്ക്ക് ഒന്നിപ്പിക്കുന്ന തായ്ത്തണ്ട്. നല്ല ചങ്കുറപ്പുള്ള കരുത്തുള്ള തായ്ത്തണ്ട്. എന്നെ പോലെയുള്ള പല ശാഖകൾ ചേർക്കപ്പെട്ടിട്ടുണ്ട്. ചേർന്നിരിക്കാൻ ഇത്തിരി അസഹിഷ്ണുത ഉണ്ട്. വെട്ടിയെടുത്ത ഇവിടെ കൊണ്ട് ചേർത്ത തോട്ടത്തിന്റെ ഉടമയോട് തെല്ലൊരു അമർഷവും ഉണ്ട്. പക്ഷെ ആ തായ്ത്തണ്ടിൽ നിന്നും ഒഴുകി വരുന്ന ജീവ ജലം എന്റെ പിടിവാശിയെ ഒക്കെ അലിയിക്കുന്നതായിരുന്നു. അതൊരു ഉറപ്പായിരുന്നു. എത്രമേൽ നീരസം കാണിച്ചാലും എന്നെ ചേർത്ത് നിർത്തുമെന്ന ആ ഉറപ്പ്. എന്റെ വളർച്ച ഞാൻ അറിഞ്ഞതേയില്ല. പൂർണമായി എന്ന് ഞാൻ വിട്ടു കൊടുത്തുവോ, അന്ന് മുതൽ എന്റെ സിരകളിൽ, എന്റെ പ്രാണനിൽ ആ ജീവജലത്തിന്റെ ശക്തി വ്യാപരിച്ചു തുടങ്ങി. പുഴുക്കൾ എന്റെ ഇലകളെ ആക്രിമക്കാൻ ഒരുങ്ങി, പക്ഷെ എന്റെ ഉള്ളിലെ ആത്മവിശ്വാസം വലുതായിരുന്നു. അങ്ങനെ സന്തോഷത്തോടെ പോകുമ്പോൾ, ഞാൻ മറന്നു പോയോ എനിക്ക് നൽകപ്പെട്ടതാണ് ഈ സൗഭാഗ്യമെന്ന് ?! ഇടയ്ക്കിടെ, തോട്ടത്തിന്റെ ഉടമ വരുന്നു, എന്റെ കൈകാലുകൾ വെട്ടി നുറുക്കുന്നു. വിളിച്ചു വരുത്തി വേദനിപ്പിക്കുന്നത് എന്തിനെന്നു ചോദിക്കണമെന്ന് പലവട്ടം ആലോചിക്കും. എന്റെ നീരസം മനസിലാക്കി അപ്പൊ എന്നോടൊപ്പം തായ്ത്തണ്ടും എന്നെ ചേർത്ത് നിർത്തും. ഇതുവരെ ചോദിച്ചില്ല! ചോദിച്ചാലും ഉത്തരം ഉണ്ടാവില്ല. തോട്ടക്കാരന്റെ ഉടമസ്ഥതയിൽ ഉള്ള അദ്ദേഹത്തിന്റെ സ്വന്തം തോട്ടം; നടുന്നതും, നനയ്ക്കുന്നതും, കരുതലോടു കൂടി പോഷകങ്ങൾ തരുന്നതും, ഫലങ്ങൾ ശേഖരിക്കുന്നതും ഒരാൾ തന്നെ.

ഞാൻ പാകപെട്ടു കഴിഞ്ഞു, മറ്റൊരു ശാഖയുടെ വളർച്ചക്കും വഴി മുടക്കി ആകാതെ, എന്നെ വളരാൻ അനുവദിക്കുന്നു. തായ് തണ്ടിനോട് ചേരാൻ വിമുഖത കാണിച്ച എന്നോടൊപ്പം ഉണ്ടായിരുന്ന പല ശാഖകളും ഉണങ്ങി പോയിരിക്കുന്നു. അതിനായി മുറിക്കപെട്ട മുറിവിന്റെ കനൽ കട്ടപിടിച്ച് ഇപ്പോളും ആ തണ്ടിൽ കാണാം. തന്റെ സ്നേഹം വേണ്ടെന്നു പറഞ്ഞു നിരസിച്ച ശാഖകളെ ഓർത്തുള്ള തായ്ത്തണ്ടിന്റെ രോദനം. അത് കാണുമ്പോൾ, എന്നെ വെട്ടിയൊരുക്കുമ്പോഴുണ്ടാകുന്ന വേദന ഞാൻ സഹിക്കാൻ ശീലിച്ചു. തായ്ത്തണ്ടിനോട് എനിക്കുള്ള അടുപ്പം എങ്ങനെ ഞൻ വർണിക്കും?! ബഹുമാനമാണോ, സ്നേഹമാണോ, കടപ്പാടാണോ? നന്ദി പറഞ്ഞു തീർക്കാനാവില്ല.

## വചനഭാഗത്തിന്റെ പൂർണത

ഒരു ശാഖയുടെ കണ്ണിലൂടെ ഈ വചന ഭാഗം നോക്കിക്കാണുമ്പോൾ കണ്ണ് നനയാതെ ഒരുനാളും ഇരുന്നിട്ടില്ല. എത്രമേൽ കരുതലോടെ വിഭാവനം ചെയ്ത പ്ലാൻ. ഒരു പ്രൊജക്റ്റ് പ്ലാൻ പോലെ അടുക്കോടും ചിട്ടയോടും കൂടെ രേഖപ്പെടുത്തിയിരിക്കുന്നു. ചുവന്ന മുല്ലപ്പൂവ് ഉണ്ടാക്കിയ ഒരു സയൻസ് ക്ലാസ് വിദ്യാർത്ഥിനിയുടെ കൗതുകം ഇതിൽ ആവശ്യമില്ല. ഇത് ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ മെറ്റിക്കുലസ്‌ലി പ്ലാൻഡ് ആൻഡ് എക്സിക്യൂട്ടഡ്!

ഈ വചന ഭാഗത്തോട് ചേർന്ന് മനസിലാക്കേണ്ട ഭാഗങ്ങളാണ് നിയമാവർത്തനം 28:1-4. തായ്ത്തണ്ടിനോട് ചേർന്നിരിക്കുന്ന ശാഖയുടെ മനോവികാരങ്ങളോട്, തായ്തണ്ട് നൽകുന്ന ഉപാധികൾ ആയി അവയെ കണക്കാക്കാം. തന്നോട് ചേർന്നിരിക്കുന്നവർക്ക് കൊടുക്കുന്ന ഒരുറപ്പ് പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്ന് ഒട്ടും മാറരുത്. എന്നോട് ചേർന്ന് തന്നെ ഇരുന്നു കൊള്ളണം എന്ന ഒരു ഓർമപ്പെടുത്തൽ. അടിക്കടി വെട്ടി ഒരുക്കങ്ങൾ ഉണ്ടെന്നും അതൊക്കെ വേദനാജനകം ആണെങ്കിലും പ്രയോജനകരമാണെന്നും എപ്പോഴും കൂടെ ഉണ്ടാകും എന്ന വാഗ്ദാനം. പൂർണമായും വിശ്വസിച്ചു കൊള്ളൂ... നിന്റെ സന്തോഷം എന്റെയും സന്തോഷമാണെന്നു ചേർത്ത് നിർത്തി പറയുന്ന പോലെ. അതിന്റെ ഒക്കെ ഫലമോ, പ്രഭ: 10: 19-25 എത്ര മനോഹരമായാണ് വ്യക്തമാക്കുന്നത്.

തോട്ടക്കാരൻ ഇടയ്ക്കിടെ വന്നു കായ്കൾ ഉണ്ടോ എന്ന് നോക്കുന്നു! കൂടുതൽ സ്നേഹത്തോടെ പരിചരിക്കുന്നു. ഇനി ഒരു പറിച്ചു നടൽ എനിക്ക് ആവശ്യമില്ല. കായ്കൾ തരാത്ത ശാഖകൾ പൂർണമായും വെട്ടി

മാറ്റുന്നതും ഞാൻ കണ്ടിരിക്കുന്നു. അങ്ങനെ ആവാതിരിക്കാൻ തായ് തണ്ടിനോട് ചേർന്നിരിക്കുക. നല്ല ഫലം പുറപ്പിടുവിക്കുക. അത് മാത്രമാണ് ഇനി എന്റെ ആഗ്രഹം, എന്റെ ജീവിതം. തോട്ടക്കാരന്റെ കരുണ യെ ഓർക്കാത്ത ദിനങ്ങൾ ഇപ്പോൾ ഇല്ല. ഈ കരുണ എന്നിൽ നിന്ന് ആവശ്യപ്പെടുന്നത് രണ്ടു കാര്യങ്ങളാണ് , ചേർന്നുള്ള ജീവിതവും നല്ല ഫലങ്ങളും.

## വചനഭാഗം പ്രവൃത്തിമണ്ഡലത്തിൽ

എന്നിൽ നിന്ന് ആവശ്യപ്പെടുന്ന രണ്ടു കാര്യങ്ങൾ ചേർന്ന് നിൽക്കലും നല്ല കായ്കളും ആണല്ലോ. ചേർന്ന് നിൽക്കുവാൻ ആവശ്യം വിശ്വാസമാണ്. പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ വിജാതീയർ ഇസ്രായേലിൽ തന്നെ ചേരുന്നുവെന്ന അവകാശവാദത്തിനോ ഇസ്രായേലിന്റെ വംശീയ വ്യതിരിക്തത ഇല്ലാതാക്കാനോ അല്ല ഒലിവ് മരത്തിന്റെ രൂപകം ഉപയോഗിക്കുന്നത്. പകരം, ഇസ്രായേലും ക്രിസ്തുവിൽ വിശ്വസിക്കുന്ന വിജാതീയരും തമ്മിലുള്ള ബന്ധത്തെ വിവരിക്കാൻ ആണ്. പലസ്തീനിലുടനീളം കൃഷിചെയ്തിരുന്ന ഒലിവ് വൃക്ഷം ഇസ്രായേലിന്റെ അംഗീകൃത ചിഹ്നമായിരുന്നു ധമുന്തിരിവള്ളി പോലെ (യോഹ. 15)പ. ഇവിടെ ഒലിവ് വൃക്ഷം ദൈവജനത്തെ പ്രതിനിധീകരിക്കുന്നു എന്ന് നമുക്ക് അറിയാമല്ലോ, അവരുടെ വേരുകൾ ഗോത്രപിതാക്കന്മാരും. അതിന്റെ തണ്ട് നൂറ്റാണ്ടുകളുടെ തുടർച്ചയെ പ്രതിനിധീകരിക്കുന്നു. യഹൂദരും വിജാതീയരും ശാഖകളായി കണക്കാക്കപ്പെടുന്നു. ഇപ്പോൾ ചില ശാഖകൾ ഒടിഞ്ഞിരിക്കുന്നു, അവ ഉപേക്ഷിക്കപ്പെട്ട അവിശ്വാസികളായ യഹൂദന്മാർക്ക് വേണ്ടി നിലകൊള്ളുന്നു, ചില കാട്ടു ഒലിവ് ശാഖകൾ, അല്ലെങ്കിൽ വിജാതീയ വിശ്വാസികൾ, ഒട്ടിച്ചു ചേർത്തിരിക്കുന്നു. അങ്ങനെ നാമെല്ലാവരും ഇപ്പോൾ ഒലിവ് വേരിൽ നിന്നുള്ള പോഷക സ്രവത്തിൽ ചേരുകയാണല്ലോ. (റോമാ: 11:17).

ദൈവത്തിന്റെ വൃക്ഷവുമായുള്ള ഈ ബന്ധം രക്ഷയുടെ അനുഗ്രഹങ്ങൾ നമുക്ക് നൽകുന്നു. അഹങ്കരിക്കുന്നവരോട്

തായ്തണ്ടാണ് നിങ്ങളെ താങ്ങുന്ന തെന്നു ഇടയ്ക്കിടെ ഓർക്കണമെന്ന് വചനം പഠിപ്പിക്കുകയും അനുശാസി ക്കുകയും ചെയ്യുന്നു. ഫലം കായ് ക്കാത്ത ഓരോ ശാഖയും പിതാവ് എടുത്തുകളയുന്നു എന്ന് നമ്മെ ഓർമിപ്പിക്കാനും താക്കീതു ചെയ്യാനും മറന്നിട്ടില്ല. അത്തരമൊരു ചിന്ത എന്നെ ഗൌരവഭാവത്തിലേക്ക് ഉണർത്തണം, ഭയപെടുത്താനല്ല മറിച്ച്, എനിക്ക് കൂടു തൽ ഫലം കായ്ക്കാനും അവനുമായി സഹവാസം നടത്താനുമുള്ള ഒരു പ്രചോദനമായിരിക്കണം അത്!

എനിക്ക് എങ്ങനെ ഫലം ലഭിക്കും? ആത്മാവിന്റെ ഫലം ആത്മാവിന്റെ ശക്തിയാൽ മാത്രമേ എന്നിൽ നിന്ന് പുറത്തുവരൂ. എന്റെ തനതായ സ്വഭാവത്തിന് പകരം ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നതിന്, ദൈവീക ജീവന്റെ മുന്നാസ്വാദനത്തിന്റെ പൂർത്തീകരണമാണ് ഓരോ കായ്കളും എന്ന് നാം മനസിലാക്കണം. ജീവിത ത്തിന്റെ ദൈനംദിന സാഹചര്യങ്ങളിൽ യേശുവിന്റെ വാക്കുകൾ അനുസരിക്കു ന്നതിന്, ആ ഉറവിടത്തിലേയ്ക്കുള്ള എന്റെ ഇച്ഛാശക്തിയുടെ സമ്പൂർണ്ണ സമർപ്പണം ആവശ്യമാണ്. അത്തര മൊരു സമ്പൂർണ്ണ കീഴടങ്ങൽ സംഭവി ക്കുന്നത് യേശു എന്റെ ആദ്യ പ്രണയ മാകുകയും എന്റെ ഹൃദയത്തിലും മനസ്സിലും വാഴുകയും ചെയ്യുമ്പോ ഴാണ്. അപ്പോൾ അവന്റെ ഇഷ്ടമാണ് -അവന്റെ വാക്കുകൾ മാത്രമാണ് - എന്റെ ജീവിതത്തിൽ സംഭവിക്കുന്നത്, എന്റെ സ്വന്തം ഇഷ്ടമല്ല. അവന്റെ ഇഷ്ടം എന്റെ ഇഷ്ടമാകുമ്പോൾ അവന്റെ അഭിരുചിക്കു അനുസരിച്ചു ഞാൻ കായ്കൾ നൽകും.

വിശ്വാസത്തോടെ ചേർന്നിരിക്കുമ്പോൾ നമ്മളിൽ ഉണ്ടാകേണ്ട രുചി ഭേദങ്ങൾ എന്തൊക്കെയാണ്? ശാന്തമായി നിലകൊള്ളുക എന്നത് തന്നെയാണ് പ്രധാനം. കൂടാതെ തായ് തണ്ടിനോ ടുള്ള നമ്മുടെ സമീപനത്തിലും അലംഭാവം പാടില്ല. ഒരു പ്രണയിനി യുടെ ഭാവത്തോടു കൂടി പൂർണമായി ആശ്രയിയ്ക്കാനുമുള്ള ഒരു ആഹ്വാനം കൂടി ഇന്നത്തെ വചനം ഉൾക്കൊള്ളുന്നു.

വിശ്വാസമുള്ള വ്യക്തി എങ്ങനെയിരിക്കും? വിശ്വാസം നിറഞ്ഞ വ്യക്തി ശാന്തമായ മനസുള്ളവനും ആത്മവിശ്വാസം തുളുമ്പുന്നവനും ആണോ, അതോ നിശബ്ദനെങ്കിലും ആത്മാവ് അസ്വസ്ഥമായിരിക്കുന്ന ഒരാളാണോ? ആത്മവിശ്വാസം നിറഞ്ഞവനും പ്രവർത്തന മേഖലകളിൽ ഒരു വിശുദ്ധ ഭാവം കൊണ്ടുനടക്കുന്ന വനും പ്രത്യക്ഷമായ സാഹോദര്യ സ്നേഹത്തിന്റെ പ്രകടനങ്ങളാൽ സ്വർഗ്ഗരാജ്യത്തിന്റെ വക്താവുമാണോ? വിശ്വാസമെന്നത് ഫ്രെയിമിൽ ആക്കി ചുമരിൽ തൂക്കിയിടാവുന്ന ഒരുതരം ബോധ്യമാണോ? യഥാർത്ഥ ലോകത്തിലെ വൃത്തികെട്ട തെരുവുകളിൽ തനിയെ ആയിരിക്കുമ്പോൾ പ്രയോഗത്തിൽ വരുത്തിയാൽ മാത്രമേ വിശ്വാസം ഏറ്റവും നന്നായി കാണാനാകൂ. ഈ വിശ്വാസത്തിന്റെ പ്രതിബിംബങ്ങൾ ജീവിതത്തിൽ പ്രവർത്തിക മാക്കുമ്പോളാണ് നാം തായ്ത്തണ്ടി നോട് എത്ര ചേർന്നിരിക്കുന്നു എന്ന് മനസിലാക്കാൻ സാധിക്കുക.

ഒരു വശത്ത്, വിശ്വാസം എന്നത് യേശുവിൽ വേരൂന്നിയിരിക്കുന്നതും, മാറ്റമില്ലാത്തതും, ശാന്തതയുള്ളതും നിലനിൽക്കുന്നതും ആണ്. അതേ സമയം, നല്ല ഫലം ഉത്പാദിപ്പിക്കു ന്നവരും, എപ്പോഴും ജീവനും, ഊർജവും, പച്ചപ്പും നിറഞ്ഞവരും ആയിരിക്കുകയും വേണം. വെട്ടിഒരുക്കലുകൾക്കു സദാ പാകപ്പെട്ടി രിക്കുന്നവരാകണം നാം. ഇതിനായി രുന്നു എന്നെ തിരഞ്ഞെടുത്തത്.

ആത്മശോധനയ്ക്ക് ഇടയ്ക്കിടെ സമയം കണ്ടെത്തുന്നത് വെട്ടി ഒരുക്കലുകൾക്കു സന്നദ്ധരാകുന്നതി നും, മാധുര്യമേറുന്ന കായ്കൾ പുറപ്പെടുവിക്കുന്നതിനും നമ്മെ സഹായിക്കും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com